**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2975** **13-10-2021 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ തീരദേശറോഡായ പട്ടുവം ഗ്രാമപഞ്ചായത്തിലെ പറണ്ടൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി, ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ ചെറുകുന്ന്-ശക്തി ടാക്കീസ് ദാൽ റോഡ് നവീകരണ പ്രവൃത്തി എന്നിവ പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്; ഇത് പൂർത്തിയാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കാമോ? | (എ) | പട്ടുവം ഗ്രാമപഞ്ചായത്തിലെ പറന്നൂൽ തീരദേശ റോഡിന്റെ നിർമ്മാണ പ്രവൃത്തി- കരാറുകാരന്റെ ഉദാസീനതമൂലമാണ് ടി പ്രവൃത്തി വൈകിയത്. മഴക്കാലത്തിന്ശേഷം പ്രവൃത്തി പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം പൂർത്തീകരിക്കാത്തപക്ഷം ഉടമ്പടി അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുന:ക്രമീകരിക്കുന്നതാണ്. ശ്രീശക്തി ടാക്കീസ് ദാൽ റോഡ്-ചെറുകുന്ന് ഗ്രാമപഞ്ചായത്ത് - ടി പ്രവൃത്തിക്ക് പുരോഗതി ഇല്ലാത്തതിനെ തുടർന്ന് കരാറുകാരനെ ടെർമിനേറ്റ് ചെയ്തിരുന്നു. എന്നാൽ ടെർമിനേഷന് ശേഷം പ്രവൃത്തി പുനരാരംഭിച്ചതിനാൽ ടെർമിനേഷൻ റിവോക്ക് ചെയ്തു. തുടർന്ന് പ്രവൃത്തി 900 മീറ്റർ നീളത്തിൽ ടാർ ചെയ്ത് 70% പൂർത്തീകരിച്ചു .യഥാസമയം അത് പൂർത്തീകരിക്കാത്ത പക്ഷം ഉടമ്പടി അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ച് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുന:ക്രമീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ